പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5038

15.11.2019 - ൽ
മറുപടിയ്ക്ക്

# വിത്ത് ബാങ്ക് രൂപീകരണം

**ചോദ്യം**

**ശ്രീ.കെ.എൻ.എ ഖാദർ**
**,, പി.കെ.അബ്ദു റബ്ബ്**
**,, കെ.എം.ഷാജി**
**,, എം. സി. കമറുദ്ദീൻ**

**മറുപടി**

**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

എ) അപൂർവ്വയിനം നാടൻ വിത്തുകളുടേയും ജൈവ സർട്ടിഫിക്കേഷൻ നേടിയ പച്ചക്കറികളുടേയും സംരക്ഷണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

എ) 2017-18 സാമ്പത്തിക വർഷം മുതൽ നെല്ലിന്റെയും ചെറുധാന്യങ്ങളുടെയും പരമ്പരാഗത ഇനങ്ങളുടെ സംരക്ഷണവും കൃഷിയിടങ്ങളിലെ വ്യാപനവും ലക്ഷ്യം വെച്ചു കൊണ്ട് 'Scheme for conservation and multiplication of Traditional and Indigenous varieties of Paddy and Millets' എന്ന പ്ലാൻ പദ്ധതി നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഒരു ഘടകമാണ് "പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ കൃഷി പ്രോത്സാഹനവും വിത്ത് ഉത്പാദനവും". നാടൻ/പരമ്പരാഗത പച്ചക്കറികളുടെ വിത്ത് ഉൽപാദനവും വിതരണവും ജനിതക സമ്പത്ത് നിലനിർത്തുന്നതിനും പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ ലഭ്യത വർദ്ധിക്കുന്നതിനുമായി തിരഞ്ഞെടുത്ത പരമ്പരാഗത പച്ചക്കറി വിളകളുടെ വിത്ത് വ്യാപകമായി ഉൽപ്പാദിപ്പിക്കുന്നതിനും കർഷകർക്ക് വിത്ത് വിതരണം ചെയ്യുന്നതിനുമുള്ള ഒരു പ്രത്യേക പദ്ധതിയും വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (വി.എഫ്.പി.സി.കെ.) തുടക്കം കുറിച്ചിട്ടുണ്ട്. VFPCK പുറത്തിറക്കുന്ന നാടൻ വിത്തുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഉത്തമ കൃഷി മുറകൾ നടപ്പാക്കുന്നതിനുമായി ജൈവക്ലസ്റ്ററുകൾ രൂപീകരിച്ച് ഡയറക്ട് മാർക്കറ്റുകൾ എന്നിവ മുഖേന വിപണനവും പ്രാദേശിക തലത്തിൽ നടപ്പാക്കി വരുന്നു.

ബി) പരമ്പരാഗത വിത്തുകളും കാർഷികോല്പന്നങ്ങളും സംരക്ഷിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള വിത്ത് ബാങ്ക് രൂപീകരിക്കേണ്ട ആവശ്യകത പരിശോധിച്ചിട്ടുണ്ടോ;

സി) എങ്കിൽ വിത്ത് ബാങ്ക് രൂപീകരണം സംബന്ധിച്ച നിലവിലെ പുരോഗതി വിശദമാക്കാമോ?

**(ബി)യും (സി)യും**

ഉണ്ട്. ആധുനിക സൗകര്യങ്ങളോടെയുള്ള വിത്ത് ബാങ്ക് രൂപീകരിക്കുന്നതിനുള്ള പദ്ധതി കൃഷി വകുപ്പ് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പ്ലാനിൽ ഉൾപ്പെടുത്തുകയും പദ്ധതി നടപ്പിലാക്കുന്നതിനായി 200 ലക്ഷം രൂപ കേരള കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിക്കുകയും ചെയ്തു. 2018 മുതൽ 2023 വരെ 5 വർഷത്തെ കാലയളവിലേക്കാണ് വിത്ത് ബാങ്ക് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന വിത്ത് വിഭാഗവും പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രവുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. തൃശ്ശൂർ ജില്ലയിലെ

മാടക്കത്തറ, കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി, ആലപ്പുഴ ജില്ലയിലെ മങ്കൊമ്പ് എന്നീ പഞ്ചായത്തുകളിൽ പദ്ധതി പ്രകാരം നാടൻ ഇനങ്ങൾ കൃഷി ചെയ്തു വരുന്നു.പട്ടാമ്പി പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ നെല്ലിന്റെ നാടൻ/പരമ്പരാഗത/തനതായ ഇനങ്ങളുടെ ഒരു ജനിതക ശേഖരം നിലവിൽ വരികയും അതിൽ തെരഞ്ഞെടുത്ത ചില ഇനങ്ങളുടെ വിത്തുകൾ വൻതോതിൽ ഉല്പാദിപ്പിച്ച് കർഷകർക്ക് വിത്ത് ലഭ്യമാക്കാവുന്ന രീതിയിലുള്ള പ്രവർത്തനം നടന്നുവരുന്നുണ്ട്. വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിൽ സീഡ്സ് സയൻസ് വിഭാഗത്തിൽ 362 തനതായ നെല്ലിനങ്ങളുടെ ജനിതക ശേഖരം നിലനിർത്തി വരുന്നുണ്ട്. വിത്തുകളുടെ സൂക്ഷിപ്പുകാലം വർദ്ധിപ്പിക്കുന്നതിനു വേണ്ട സൗകര്യങ്ങൾ (മധ്യകാല ശാസ്ത്രീയ സൂക്ഷിപ്പ് സംവിധാനം) പൂർത്തീകരണ ഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

## വി.എഫ്.പി.സി.കെ. ആലത്തൂർ വിത്ത് സംസ്കരണശാലയിൽ നിന്നും വിതരണത്തിന് തയ്യാറായ നാടൻ പച്ചക്കറി ഇനങ്ങൾ

1. വേങ്ങരി വഴുതന
2. ആനക്കൊമ്പൻ വെണ്ട
3. പട്ടുചീര
4. നിത്യവഴുതന
5. മട്ടന്നൂർ വെള്ളരി
6. കുളത്താട പയർ
7. കഞ്ഞിക്കുഴി പയർ
8. ആലങ്ങാട് ചീര
9. ആദിത്യപുരം പാവൽ
10. ആദിത്യപുരം പടവലം

സെക്ഷൻ ഓഫീസർ